**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **17-09-2025 - ൽ മറുപടിയ്ക്ക്**

**വനിതാ സംരംഭകർക്കായി ആവിഷ്കരിച്ച പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ഒ എസ് അംബിക** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വനിതാ സംരംഭകർക്കായി എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്നതെന്ന് വിശദമാക്കുമോ; | (എ) | സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ പ്രോത്സാഹനത്തിനായി പരിശീലന പരിപാടികൾ, ധനസഹായ പരിപാടികൾ, പ്രദർശന വിപണന മേളകൾ, അടിസ്ഥാന സൗകര്യ വികസനം മുതലായ സഹായങ്ങൾ വ്യവസായ വകുപ്പ് മുഖാന്തിരം നൽകി വരുന്നുണ്ട്. ഈ പദ്ധതികളിൽ എല്ലാം തന്നെ വനിതാ സംരംഭകർക്കും മുൻഗണന നൽകി വരുന്നു. വ്യവസായ വകുപ്പ് സംരംഭകർക്ക് നൽകുന്ന അവാർഡുകളിലും സ്ത്രീ സംരംഭകർക്കും പ്രത്യേക അവാർഡ് നൽകുന്നുണ്ട്.<br><br>സംസ്ഥാനത്ത് വനിതാ സംരംഭകർക്കുൾപ്പെടെ പ്രത്യേക പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകുന്നതിനായി വ്യവസായ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. സംരംഭക സഹായ പദ്ധതി (ESS)<br>സ്ത്രീകൾ, യുവജനങ്ങൾ, SC/ST പ്രവാസി മലയാളികൾ എന്നിവരിൽ പെട്ട സംരംഭകർ സ്ഥാപിക്കുന്ന എല്ലാത്തരം സൂക്ഷ്മ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്കും സ്ഥിര മൂലധന' നിക്ഷേപത്തിന്റെ 25% സഹായം പരമാവധി 40 ലക്ഷം രൂപയിൽ നിജപ്പെടുത്തി നൽകുന്നു.<br><br>2. ഒരു കുടുംബം ഒരു സംരംഭം പദ്ധതി<br><br>ഉല്പാദന, സേവന, വ്യാപാര മേഖലയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു എടുക്കുന്ന ബാങ്ക് വായ്പയിൽ 10 ലക്ഷം വരെയുള്ള വായ്പക്കു ബാങ്ക് വായ്പയുടെ പലിശ നിരക്കിൽ 4% ൽ അധികരിച്ചുള്ള പലിശയിൽ 6% വരെ ഇളവ് ധന സഹായമായി നൽകുന്നു. |

| | | | |
|---|---|---|---|
| | | | 3. നാനോ/ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് പദ്ധതി<br><br>ഉല്പ്പന്ന നിർമ്മാണം, ഭക്ഷ്യ സംസ്കരണം, മൂല്യാധിഷ്ഠിത പ്രവർത്തനങ്ങൾ നടത്തുന്ന സേവന മേഖല എന്നിവയിൽ ആരംഭിക്കുന്ന സ്ഥിര മൂലധനവും പ്രവർത്തന മൂലധനവും ഉൾപ്പെടെ ആകെ പ്രോജക്ട് ചെലവ് 10 ലക്ഷം രൂപ വരെയുള്ള യൂണിറ്റുകൾക്ക് ഈ പദ്ധതിപ്രകാരം നല്കുന്ന പരമാവധി സഹായം ജനറൽ വിഭാഗത്തിന് 3 ലക്ഷം രൂപയും മുൻഗണന വിഭാഗത്തിൽ ഉൾപ്പെട്ടവർക്ക് 4 ലക്ഷം രൂപയും ആണ്. എസ്.സി/ എസ്.ടി/വനിതകൾ/ വിമുക്ത ഭടന്മാർ/ 40 വയസ്സ് വരെയുള്ള യുവ സംരംഭകർ തുടങ്ങിയ പ്രത്യേക വിഭാഗക്കാർക്ക് മാർജിൻ മണി ഗ്രാൻറ് ആകെ പ്രോജക്ട് ചെലവിന്റെ 40 ശതമാനവും ഗുണഭോക്തൃ വിഹിതം കുറഞ്ഞത് 20 ശതമാനവും ബാങ്ക് വായ്പ 40 ശതമാനവും ആയിരിക്കും. |
| (ബി) | സംസ്ഥാനത്ത് വനിതാ സംരംഭകരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടാക്കാനും കൂടുതൽ വനിതകളെ സംരംഭകരാക്കി മാറ്റാനും ഈ പദ്ധതികൾ കൊണ്ട് സാധിച്ചിട്ടുണ്ടോ; ഇത് വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ? | (ബി) | 2022-23 സാമ്പത്തിക വർഷം മുതൽ സർക്കാർ നടപ്പിലാക്കി വരുന്ന സംരംഭക വർഷം പദ്ധതി വഴി പ്രവർത്തനം ആരംഭിച്ച സംരംഭങ്ങളിലെ സ്ത്രീ പ്രാതിനിധ്യം പരിശോധിച്ചാൽ ഇത് മനസ്സിലാകുന്നതാണ്. 2022 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള കാലയളവിൽ ആരംഭിച്ച 353127 സംരംഭങ്ങളിൽ 112,497 സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത് സ്ത്രീകളാണ്. കൂടാതെ ഈ സംരംഭങ്ങൾ വഴി പ്രസ്തുത കാലയളവിൽ ആകെ സൃഷ്ടിച്ച 749,712 തൊഴിലവസരങ്ങളിൽ 218,737 തൊഴിലവസരങ്ങളും സ്ത്രീകളുടെതാണ്.<br><br>സംരംഭക സഹായ പദ്ധതി (ESS), ഒരു കുടുംബം ഒരു സംരംഭം പദ്ധതി, നാനോ/ചെറുകിട യൂണിറ്റുകൾക്ക് നല്കുന്ന മാർജിൻ മണിഗ്രാന്റ് എന്നീ പദ്ധതികളിലൂടെ വനിതാ സംരംഭകരുടെ എണ്ണത്തിൽ സാരമായ വർദ്ധനവ് ഉണ്ടാക്കാനും കൂടുതൽ വനിതകളെ സംരംഭകരാക്കി ഉയർത്തുവാനും സാധിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ